
# എ. കെ. പി. സി. ടി. എ.

ജേർണൽ

കേരളാ പ്രൈവററ് കോളേജ് ടീച്ചർ

No. 64 JUNE 1986

സെക്രട്ടേറിയററ്പടിക്കലെ നിരാഹാരസമരത്തോട് അനുഭാവംരേഖപ്പെടുത്തിക്കൊണ്ട് അധ്യാപികമാരുടെ ധർണ്ണ

## പ്രീഡിഗ്രി ബോർഡിനെതിരെ അതിശക്തമായ പണിമുടക്കു സമരം. കോളേജുകളും യൂണിവേർസിററികളും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസുകളും നിശ്ചലമായി. എ.കെ.പി.സി.ടി.എ. എ.കെ.ജി.സി.ടി., യു.ജി.സി.ടി. നേതാക്കൾ നിരാഹാരസത്യാഗ്രഹം തുടരുന്നു.

പ്രൊഫ. ടി. ഗോപാലകൃഷ്ണൻ
പ്രസിഡൻറ്, എ.കെ.പി.സി.ടി.എ.

# ഈ ജീവിതസമരം വിജയിപ്പിക്കുക

പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിററികളിൽ നിന്നുംഡീലിങ്ക് ചെയ്ത് ഒരു പ്രത്യേകബോർഡിൻെറ കീഴിൽ കൊണ്ടു വരുവാനുളള സർക്കാരിൻെറ ഏകപക്ഷീയമായ തീരുമാനം പിൻവലിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലെ കോളേജദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ജൂൺ 11-ന് ആരംഭിച്ച അനിശ്ചിതകാലപണിമുടക്കു സമരം ഇതിനകം വമ്പിച്ച വിജയമായിക്കഴിഞ്ഞിരിക്കുന്നു. ആവേശകരമായ വിവരങ്ങളാണ് പണിമുടക്കിനെക്കുറിച്ച് കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ദിവസം കഴിയുന്തോറും ലഭിച്ചുകൊണ്ടിരിക്കുന്നത്. അപൂർവം ചില വനിതാകോളേജുകളിൽ മാത്രമാണ് പണിമുടക്ക് ഇതേവരെ നടക്കാത്തത്. അവിടങ്ങളിലെ നമ്മുടെ സഹോദരിമാർക്ക് ഇനിയും നിർവികാരരായി മാറിനിൽക്കാൻ കഴിയുമെന്നുതോന്നുന്നില്ല. അവരും ''കോളേജ് ടീച്ചേഴ്സ്'' ആണെന്ന് നാം കരുതുന്നു.

സമരത്തിലൂടെകോളേജ്ജീവനക്കാർ വ്യക്തമാക്കിക്കഴിഞ്ഞ ശക്തമായ അമർഷവും പ്രതിഷേധവും കണക്കിലെടുത്ത്, കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഏതാണ്ട് ഒരു മാസക്കാലമായി നിലനിൽക്കുന്ന സ്തംഭനാവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ തയ്യാറാകാതെ, ആവശ്യമില്ലാത്തതെന്ന് വിവരമുളളവരൊക്കെ അഭിപ്രായപ്പെട്ടുകഴിഞ്ഞ പ്രീ ഡിഗ്രി ബോർഡ് രൂപീകരിച്ച് ജീവനക്കാരെ അപകടപ്പെടുത്തിയേ അടങ്ങൂ എന്ന ദുർവാശിയോടെ സമരം തകർക്കാൻ സർക്കാർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. യൂണിവേഴ്സിററി ജീവനക്കാർക്കെതിരെ സർക്കാർ നിരന്തരമായി ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. നൂറുകണക്കിന് യൂണിവേഴ്സിററി ജീവനക്കാരെ ഓരോ ദിവസവും അറസ്ററുചെയ്ത് ലോക്കപ്പിലാക്കുന്നു. അവരെയൊക്കെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്യുന്നു. നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്നവരെ പോലും അറസ്ററു ചെയ്തു നീക്കുന്നു. പക്ഷെ മർദ്ദനമുറകളെ ചെറുത്തുകൊണ്ട് യൂണിവേഴ്സിററി ജീവനക്കാർ അടിപതറാതെ സമരത്തിൽ ഉറച്ചു നിൽക്കുകയാണ്. ജീവനക്കാർ ചൂളുന്നില്ലെന്നു കണ്ടപ്പോൾ മന്ത്രിമാർ സമനില നഷ്ടപ്പെട്ടവരെപ്പോലെ പെരുമാറി തുടങ്ങിയിരിക്കുന്നു. ജനാധിപത്യമര്യാദയും കാററിൽപറത്തിയിരിക്കുന്നു.

മേയ് 31ന് ആരംഭിച്ച നമ്മുടെ സംഘടനാ നേതാക്കളുടെ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ഇപ്പോഴും തുടരുന്നു. ആലപ്പുഴ എസ്. ഡി. കോളേജിലെ പ്രൊഫ. കെ. ആർ. വസന്തമണിയാണ് ഇപ്പോൾ നിരാഹാരസമരം നടത്തുന്ന നമ്മുടെ സംഘടനാനേതാവ്.

സമരത്തിൻെറ ഭാഗമായി നമ്മുടെ പ്രവർത്തകർ വാലുവേഷൻ ക്യാമ്പുകൾ ബഹിഷ്കരിച്ചതിൽ അരിശംപൂണ്ട സർക്കാർ, ഒരുദിവസം പരീക്ഷാജോലി ബഹിഷ്കരിച്ചാൽ അറുപതു ദിവസത്തെ ശമ്പളം പിടിച്ചെടുക്കുന്നതിനുളള

1978ലെ കരിനിയമം അദ്ധ്യാപകർക്കെതിരെ പ്രയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. സർക്കാരിന്റെ ഈ തീരുമാനം അദ്ധ്യാപകരേയും ജീവനക്കാരെയും രോഷാകുലരാക്കിയിരിക്കുകയാണ്. സർക്കാരിന്റെ തീരുമാനംഅവഗണിച്ച് അദ്ധ്യാപകർ ക്യാമ്പുകൾ ബഹിഷ്കരിച്ച് സമരരംഗത്ത് ദൃഢനിശ്ചയത്തോടെഉറച്ചുനിൽക്കുന്നു. ഭീഷണിപ്പെടുത്തി അദ്ധ്യാപകരെകൊണ്ട് വാലുവേഷൻ ജോലി ചെയ്യിക്കാൻ കഴിയാതെവന്നപ്പോൾ കന്യാസ്ത്രീകളേയും വർഗശത്രുക്കളേയും പോലീസിന്റെ സഹായത്തോടെ കൊണ്ടുവന്ന് പോലീസിന്റെതന്നെ മേൽ നോട്ടത്തിൽ ‘‘മൂല്യനിർണയം’’ ചെയ്യിക്കുന്നു. ഇവർ ഇവർക്ക് താൽപര്യമുള്ള കോളേജുകളിലെ പേപ്പർ പാക്കററുകൾ കണ്ടുപിടിച്ച് മൂല്യനിർണയം നടത്തുന്നു. നഗ്നമായ അഴിമതി ഈ ക്യാമ്പുകളിൽ നടക്കുന്നെന്നു പരാതിയുണ്ട്. ചില പ്രിൻസിപലന്മാരും, പോലീസുകാരുമാണ് ഇപ്പോൾ പരീക്ഷാസംബന്ധമായ രഹസ്യരേഖകൾ കൈവശപ്പെടുത്തിയിരിക്കുന്നത്. ഈ വാലുവേഷൻ പ്രഹസനം ആർക്കുവേണ്ടിയെന്നത് വളരെ വ്യക്തമാണ്. ‘‘മാർക്ക്സ്കാൻഡൽ’’ ഇവിടെ ആവർത്തിക്കപ്പെടാൻപോകുന്നു.

തെററിദ്ധാരണാജനകവും പരസ്പരവിരുദ്ധവുമായ പ്രസ്താവനകളാണ് സമരത്തെ നേരിടുന്നതിന് വേണ്ടി സർക്കാർ നിരന്തരമായി ഇറക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ മേയ് 15ന് കൂടിയ മന്ത്രിസഭായോഗം പ്രീഡിഗ്രി ബോർഡ് രൂപികരിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട എകപക്ഷീയമായ തീരുമാനങ്ങൾ മഃനപൂർവമായി പൂഴ്ത്തിവച്ചിരുന്നു. യൂണിവേഴ്സിററികളിൽ നിന്നും പ്രീ ഡിഗ്രികോഴ്സ് ഡീലിങ്ക് ചെയ്ത് ‘‘പ്രീ ഡിഗ്രി ബോർഡ്’’ എന്നൊരു പ്രത്യേക ബോർഡിന്റെ കിഴിൽ കൊണ്ട് വരിക എന്ന തീരുമാനംകൈക്കൊണ്ടത് വിദ്യാർത്ഥികളുടെ ഭാവിയെ കരുതിയും ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുമാണെന്ന സർക്കാർ വാദം കാര്യവിവരമുള്ളവരാരുംതന്നെ സ്വീകരിക്കാൻ തയ്യാറായിട്ടില്ല. പ്രീ ഡിഗ്രി കോഴ്സ് യൂണിവേഴ്സിററി തലത്തിൽ നിന്നും വേർപെടുത്തിയാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് വളരെ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്നതാണ് അവരുടെയൊക്കെസുചിന്തിതമായഅഭിപ്രായം.

‘‘ഒരു പരിഷ്കാരം നടപ്പാക്കുന്നതിന്റെ ഭാഗമായി ചിലരൊക്കെ കഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്ന്’’ വെട്ടിത്തുറന്ന് പറഞ്ഞ മുഖ്യമന്ത്രി, അധ്യാപകരേയും ഇതരജീവനക്കാരെയും, നാട്ടുകാരെത്തന്നെയും തെററിദ്ധരിപ്പിക്കുന്നതിന് വേണ്ടി ‘‘അദ്ധ്യാപകരുടേയും മററു ജീവനക്കാരുടേയും നിലവിലുള്ള സേവനവ്യവസ്ഥകൾ നിയമം വഴി സംരക്ഷിക്കുമെന്ന്’’ ഇപ്പോൾ പറയുന്നു. യൂണിവേഴ്സിററികളിൽനിന്നും പ്രീ ഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്ത് അത് യൂണിവേഴ്സിററിയുടെ കീഴിൽ അല്ലാത്ത ഒരു ബോർഡിന്റെ കീഴിൽ ആക്കിയാൽ എന്തുസംഭവിക്കുമെന്നു സമരത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കൊക്കെ അറിയാം. ജീവനക്കാരിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിന് വേണ്ടിമാത്രമാണ് ‘‘ഇപ്പോൾ ഈ കോഴ്സ് നടന്നുവരുന്ന കോളേജുകളിൽ തന്നെ നിലനിർത്തുമെന്ന്’’ മുഖ്യമന്ത്രി വീറോടെ പറയുന്നത്. എന്തായാലും ജീവനക്കാരെ അപകടപ്പെടുത്തുക എന്ന ലക്ഷ്യം സർക്കാരിനുണ്ടെന്നതിന്റെ ഒരു തെളിവായിമാത്രമേ **‘‘പ്രീ ഡിഗ്രി കോഴ്സ് സ്കൂളുകളിലേക്ക് മാററുകയില്ല, പക്ഷെ യൂണിവേഴ്സിററിയിൽ നിന്നും കോഴ്സ് ഡീലിങ്ക് ചെയ്യും’’** എന്ന പ്രഖ്യാപനത്തെ ജീവനക്കാർക്ക് കാണാൻ കഴിയൂ. മുഖ്യമന്ത്രി പറയുന്നത് വിദ്യാഭ്യാസമന്ത്രിക്കുകൂടിസ്വീകാര്യമായ കാര്യമാണെന്ന്കരുതാനും ബുദ്ധിമുട്ടുണ്ട്. വകുപ്പുമന്ത്രിയുടെ താൽപര്യം കുറച്ചുകൂടി കടന്നതാണെന്ന്മുഖ്യമന്ത്രിക്കറിയില്ലെന്ന് വരുമോ? പ്രീ ഡിഗ്രീ ബോർഡ് രൂപീകരിക്കുമെന്ന് പറയാൻ തുടങ്ങിയ നാൾ മുതൽ വിദ്യാഭ്യാസമന്ത്രി അസന്നിഗ്ധമായി പറഞ്ഞുവന്നിരുന്നത് പ്രീ ഡിഗ്രി കോഴ്സ് യൂണിവേഴ്സിററികളിൽ നിന്ന് ഡീലിങ്ക് ചെയ്ത് സ്കൂളുകളിലേക്ക് മാററുമെന്നു തന്നെയാണ്. രണ്ടുവർഷംകൊണ്ട് കേരളത്തിലെ ‘‘തിരഞ്ഞെടുക്കപ്പെട്ട’’ 200 സ്കൂളുകളിലേക്ക്

പ്രീ ഡിഗ്രി കോഴ്സ് മാററുമെന്ന് സംശയലേശമെന്യെ മന്ത്രി കഴിഞ്ഞ ഡിസംബറിലും അതിനു ശേഷവും പ്രസ്താവിച്ചിരുന്നത് ഇവിടാരും മറന്നിട്ടില്ലല്ലോ. ചില ''ഇടപാടി''ന്റെ അടിസ്ഥാനത്തിൽ ഈ കോഴ്സ് ആരംഭിക്കേണ്ട കുറെയേറെ സ്കൂളുകളെ നിശ്ചയിച്ചെന്ന് നാമൊക്കെ അറിഞ്ഞതുമാണ്. ഈ ''വിദ്യാവ്യാപാര'' ത്തിനെതിരെ ശക്തമായ പൊതുജനാഭിപ്രായം രൂപപ്പെട്ടുവന്ന് നിൽക്കക്കള്ളില്ലാതായപ്പോൾ മറെറാരു സ്ററണ്ടുമായി സർക്കാർ രംഗത്ത് വന്നിരിക്കുന്നു എന്നേ കരുതാനാവൂ. കേട്ടാൽ നിർദോഷമായ ഒരു കാര്യമാണിതെന്ന് ചിലർ കരുതിയേക്കാം. ''പ്രീ ഡിഗ്രി കോഴ്സ് സ്കൂളുകളിലേക്ക് മാററാൻ സർക്കാർ ഇതേവരെ തീരുമാനിച്ചിട്ടില്ല. അത് ഇപ്പോൾ കോഴ്സുകൾ നടക്കുന്ന കോളേജുകളിൽ തന്നെ നിലനിർത്തും'' എന്നതാണ് പുതിയപ്രഖ്യാപനം. പ്രീ ഡിഗ്രി കോഴ്സ് സ്കൂളുകളിലേക്ക് മാററാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു എന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണെന്നാണ് മുഖ്യമന്ത്രി ഏററവും ഒടുവിലായി പറഞ്ഞത്. പക്ഷെ ഒരേ സ്വരത്തിൽ സർക്കാർ ഒന്നുകൂടിതറപ്പിച്ചുപറയുന്നു. ''പ്രി ഡിഗ്രി കോഴ്സ് യൂണിവേഴ്സിററികളിൽ നിന്ന് ഡീലിങ്ക് ചെയ്ത് ഒരുപ്രത്യേകബോർഡിന്റെ കീഴിൽ കൊണ്ടുവരുമെന്നും'' തമ്മിൽ പൊരുത്തപ്പെടാത്തതും ജീവനക്കാർക്ക് സ്വീകാര്യമല്ലാത്തതുമായ കാര്യമാണ് സർക്കാർ പറയുന്നത്. ഇത് പറയുന്നതോ, ജീവനക്കാരിലും വിദ്യാർത്ഥികളിലും ആശയകുഴപ്പം ഉണ്ടാകുന്നതിനുവേണ്ടിയും. നാം ഉന്നയിക്കുന്ന ആവശ്യം വളരെ വ്യക്തമായ ഒന്നാണ്. **പ്രീ ഡിഗ്രി കോഴ്സ് കോളേജുകളിൽ നിലനിർത്തിയാൽ മാത്രം പോരാ, അത് യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ ഭാഗമായി തുടരുകയും വേണം.** യൂണിവേഴ്സിററികളിൽ നിന്ന്കോഴ്സ് വേർപെടുത്തിയാൽ കോളേജ് തലത്തിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ജീവനക്കാർക്കറിയാം. കാരണം ജീവനക്കാരെ അപകടപ്പെടുത്തുകയെന്നത് തന്നെയാണ് സർക്കാരിന്റെ ലക്ഷ്യം കുറച്ചൊക്കെ അപകടം ഉണ്ടായാൽ അത് ജീവനക്കാർ സഹിച്ചുകൊള്ളണമെന്നാണല്ലോ മുഖ്യൻ പറഞ്ഞുകൊണ്ടിരിക്കുന്നതും. കോളേജിലെ ജൂനിയർ ആയ കുറെയേറെ അദ്ധ്യാപകരെ പ്രീ ഡിഗ്രി അദ്ധ്യാപകരായി കണക്കാക്കി ബോർഡിന്റെ കീഴിൽ കൊണ്ടുവരുവാനും അതുവഴി യൂണിവേഴ്സിററിയുമായി അഫിലിയേററു ചെയ്തകോളേജിലെ അദ്ധ്യാപകരെന്ന നിലയിൽ അവർക്കിന്നുള്ള അർഹമായ ആനുകൂല്യങ്ങളും തട്ടിത്തെറിപ്പിക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കോളേജിൽ പഠിപ്പിക്കുന്നുയെന്നുള്ളതുകൊണ്ടുമാത്രം കാര്യമില്ല, യൂണിവേഴ്സിററിയുടെ കോഴ്സുമായി ബന്ധപ്പെട്ടാണോ അദ്ധ്യാപകൻ പഠിപ്പിക്കുന്നത് എന്നതിലാണ് കാര്യം. യൂണിവേഴ്സിററിയിൽ നിന്നും കോഴ്സ് ഡീലിങ്ക് ചെയ്താൽ മഹാരാഷ്ട്രയിൽ ഉണ്ടായ അപകടങ്ങളൊക്കെയിവിടെയും ഉണ്ടാകും. അദ്ധ്യാപകരെ പല തട്ടുകളിലാക്കി പലതരം സ്കെയിലുകളും സർവീസുനുകൂല്യങ്ങളും നിശ്ചയിച്ച് നൽകി അവരെ തമ്മിലടിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അത് നടത്തിയെടുക്കുന്നതിന് വേണ്ടിയാണ് ഒരു വിദ്യയുമായി സർക്കാർ രംഗത്ത് വന്നിരിക്കുന്നത്. മുഖ്യന്റെ വിദ്യ ഇവിടെ ചെലവാക്കാനാവില്ല.

'നാം വളരെ ജാഗരൂകരായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു, കരുതിക്കൂട്ടി പരസ്പരവിരുദ്ധമായ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സർക്കാരിന്റെ നിലപാടിൽ മാററം വന്നിരിക്കുന്നു എന്ന് ആരും കരുതേണ്ടതില്ല. യൂണിവേഴ്സിററികളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് വേർപെടുത്തി ഒരു പ്രത്യേക ബോർഡിന്റെ കീഴിൽ കൊണ്ട് വരികയെന്ന നിലപാടിൽ തന്നെയാണ് സർക്കാർ ഉറച്ചുനിൽക്കുന്നത്. വി. സി. മാരുടെ കമ്മിററി പരിശോധിക്കുന്നത് പ്രിഡിഗ്രി ബോർഡ് വേണമോ വേണ്ടായോ എന്ന പ്രശ്നമല്ല. മറിച്ച് സർക്കാർ തീരുമാനപ്രകാരമുള്ള ബോർഡ് രൂപീകരിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളും ബോർഡിന്റെ വിവിധ വശങ്ങളുമാണ്-ബോർഡു രൂപീകരണ തീരുമാനം നിലനിൽക്കുവെന്നർത്ഥം; ബോർഡിന്റെ ആവശ്യകതയെക്കുറിച്ചുള്ള കാര്യങ്ങൾ ജീവനക്കാർക്ക് വേണമെങ്കിൽ വി.സി. കമ്മിററി മുമ്പാകെ ഉന്നയിക്കാമെന്നു മാത്രം-

# ബോർഡിനുവേണ്ടിയുള്ള വാദം അർത്ഥശൂന്യം

വിശദാംശങ്ങൾ പഠിക്കാതെയും അനന്തരഫലങ്ങളെക്കുറിച്ചാലോചിക്കാതെയും എന്തും ഏതും എടുത്തുചാടി ചെയ്യുക, തൽഫലമായുണ്ടാകുന്ന കുഴപ്പം നിറഞ്ഞ സാഹചര്യത്തെ സങ്കുചിത താൽപര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക-ഇതാണ് നമ്മുടെ വിദ്യാഭ്യാസമന്ത്രി നടപ്പാക്കുന്ന പല പരിഷ്കാരങ്ങളുടെയും പൊതുസ്വഭാവം. ഗാന്ധിജി സർവകലാശാലാ രൂപീകരണം മുതൽ പ്രീഡിഗ്രി ബോർഡ് തീരുമാനം വരെയുള്ള വിവിധ നടപടികളിൽ ഈ ആപൽക്കരമായ സ്വഭാവം വ്യക്തമായി കാണാം. ഏററവും നിർണായകമായ ഘട്ടത്തിൽ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം പാടെ സ്തംഭിച്ചു കഴിഞ്ഞു. അധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസപ്രവർത്തകരും ജീവനക്കാരുമെല്ലാം ഒന്നടങ്കം എതിർത്തിട്ടും ബോർഡ് തീരുമാനവുമായി മുന്നോട്ടു പോകുമെന്നാണ് മന്ത്രിയുടെ നിലപാട്. ഈ നിലപാടിനെ ന്യായീകരിച്ചുകൊണ്ട് വിചിത്രമായ പല വാദഗതികളും അദ്ദേഹം മുന്നോട്ടുവെച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ആശീർവാദം പോളിടെക്നിക് പ്രശ്നത്തിലെന്നപോലെ ഇക്കാര്യത്തിലും അദ്ദേഹം നേടിയിട്ടുമുണ്ട്.

അഖിലേന്ത്യാ നയം കേരളത്തിലും നടപ്പാ

---

വി. സി. മാരുടെ റിപ്പോർട്ടു കിട്ടിയതിനു ശേഷം ജീവനക്കാരുമായി ചർച്ചയൊന്നുമില്ല. റിപ്പോർട്ടിൻെറ ഇംപ്ലിമെൻേറഷൻ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സംഘടനകൾക്കുണ്ടെങ്കിൽ അവ സർക്കാരിനു സമർപ്പിക്കാം. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ വി. സി. മാർ ഏതുതരം റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അതുകൊണ്ടുതന്നെ അവരുടെ തീർപ്പിന് ഈ പ്രശ്നം വിട്ടുകൊടുക്കാൻ നമുക്കാവില്ല.

പണിമുടക്കുസമരം വൻ വിജയമായി തുടരുന്നു. പക്ഷെ ഈ നിലയിൽ നമുക്കു ഇനിയും മുന്നോട്ടു പോകാനാവില്ല. പ്രശ്നത്തിന് ഉടനടി പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കുന്നതിനുവേണ്ടി അതിശക്തവും ത്യാഗപൂർണ്ണവുമായ സമരമുറകൾ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഒരു ടെസ്ററിംഗ് ടൈമാണ് വരാൻ പോകുന്നതെന്നതിൽ സംശയം വേണ്ട. ഇന്നിപ്പോൾ തിരുവനന്തപുരത്ത്

മാത്രം നടക്കുന്ന അനിശ്ചിതകാല നിരാഹാര സത്യാഗ്രഹവും മററു ജില്ലകളിലേക്കും താലൂക്കുകളിലേയ്ക്കും സ്ഥാപനങ്ങളിലേക്കും മററും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. സമരരംഗത്തു നിൽക്കുന്നവരെ ഉറപ്പിച്ചു നിർത്തുന്നതിനും ആരെങ്കിലും മാറിനിൽക്കുന്നെങ്കിൽ അവരെ സമരത്തിലേയ്ക്കുകൊണ്ടു വരുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾ വർദ്ധിച്ച ഊർജസ്വലതയോടെ തുടരേണ്ടിയിരിക്കുന്നു. കോളേജിലെ അനദ്ധ്യാപക വിഭാഗവുമായി സമരരംഗത്ത് നാം പരമാവധി സഹകരിച്ചു പ്രവർത്തിക്കണം. നമുക്കു ഈ കാര്യത്തിൽ വർദ്ധിച്ച ബാധ്യതയാണുള്ളതെന്ന വസ്തുത ഒരു കാരണവശാലും വിസ്മരിക്കരുത്.

സമര രംഗത്ത് അടിപതറാതെ, സർവ്വവിധമായ ഭീഷണികളേയും ധീരോദാത്തമായി ചെറുത്തുകൊണ്ടു നിൽക്കുന്ന അദ്ധ്യാപക സുഹൃത്തുക്കളെ എ.കെ.പി.സി.ററി.എ. എന്ന മഹാപ്രസ്ഥാനത്തിൻെറ പേരിൽ ഞാൻ അഭിവാദ്യം ചെയ്യുന്നു. ഈ ജീവിത സമരം നാം വിജയിപ്പിക്കും. ഈ ലക്ഷ്യം മാത്രമേ ഇപ്പോൾ നാം മുന്നിൽ കാണുന്നുള്ളു.

ക്കുക മാത്രമാണ് ഗവർമെണ്ട് ചെയ്യുന്നത് എന്നതാണ് ഒന്നാമത്തെ വാദം. മുഖ്യമന്ത്രിയെ ഈ ലേഖകൻ നേരിൽ കണ്ട് സംസാരിച്ചപ്പോഴും പിന്നീടദ്ദേഹം പത്രസമ്മേളനത്തിൽ വെച്ചും ഈ വാദം ആവർത്തിച്ചു പ്രസ്താവിക്കുകയുണ്ടായി. എന്നാൽ യാഥാർഥ്യമെന്താണ്. അഖിലേന്ത്യാനയത്തിലെങ്ങും തന്നെ പ്രീഡിഗ്രി ബോർഡ് എന്നൊരുകാര്യം പറഞ്ഞിട്ടേയില്ല. പ്രീഡിഗ്രികോഴ്സ് അവസാനിപ്പിക്കുവാനും പകരം സ്കൂളുകളിൽ ഹയർസെക്കൻററിഅഥവാ +2 കോഴ്സ് ആരംഭിക്കുവാനുമാണ് തീരുമാനമെങ്കിൽ, പിന്നെ പ്രത്യേകമായൊരു പ്രീഡിഗ്രിബോർഡിൻെറ ആവശ്യമെന്ത്? അവസാനിപ്പിക്കുവാൻ പോകുന്ന ഒരു കോഴ്സിൻെറ പരീക്ഷ നടത്തുവാൻ പ്രത്യേകമായൊരു പുതിയ ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ?

ഇനി ഹയർ സെക്കൻററി കോഴ്സ് സ്കൂളുകളിലാരംഭിക്കുവാനും അത് ഒരു പ്രത്യേക ഹയർ സെക്കൻററി ബോർഡിൻെറ കീഴിലാക്കുവാനുമാണ് ഗവർമെണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അത് കേരളമൊഴികെ എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ വന്നുകഴിഞ്ഞിരിക്കുന്നു എന്ന കാരണം പറയുന്നതിൽ കഴമ്പില്ല. രാജസ്ഥാൻ, മധ്യപ്രദേശ്, ഹിമാചൽപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ഇനിയും 10+2+3 സമ്പ്രദായം നടപ്പാക്കിയിട്ടില്ല എന്നതാണ് വസ്തുത. നടപ്പാക്കിയ സംസ്ഥാനങ്ങളിലാകട്ടെ, ചിലയിടങ്ങളിൽ സ്ക്കൂളുകളിൽ, ചിലയിടങ്ങളിൽ ജൂനിയർ കോളേജുകളിൽ, ചിലയിടങ്ങളിൽ കോളേജുകളിൽ, മററു ചിലയിടങ്ങളിൽ ഒരേസമയം കോളേജുകളിലും സ്ക്കൂളുകളിലും-ഇങ്ങനെയാണ് +2 ഘട്ടത്തിൻെറ ഇന്നത്തെ അവസ്ഥ. ഇതിൽ നിന്നുടലെടുത്തിരിക്കുന്ന കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നത് പല സംസ്ഥാനങ്ങൾക്കും പ്രശ്നമായിരിക്കുകയാണ്. കേരളമാകട്ടെ 10+2+3 സമ്പ്രദായം ഏററവുമാദ്യം നടപ്പാക്കിയ സംസ്ഥാനങ്ങളിലൊന്നാണ്. കേന്ദ്രഗവർമെണ്ടിൻെറ 'വിദ്യാഭ്യാസത്തിൻെറ വെല്ലുവിളികൾ' എന്ന ഔദ്യോഗിക രേഖപോലും 10+2+3 നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഒന്നായാണ് കേരളത്തെ പരിഗണിച്ചിരിക്കുന്നത്. അപ്പോൾ അഖിലേന്ത്യാ നയത്തിൻെറ പ്രശ്നമൊന്നും ഇവിടെ ഉദിക്കുന്നില്ല എന്ന കാര്യം വ്യക്തമല്ലേ.

## പി. കെ. രാജൻ

രണ്ടാമത്തെ വാദമാകട്ടെ, വിദ്യാർഥികളുടെ എണ്ണത്തിലുള്ള ബാഹുല്യം പരീക്ഷാ നടത്തിപ്പിൻെറ കാര്യക്ഷമത കുറക്കുന്നതിനാൽ പ്രത്യേകമായൊരു ബോർഡ് സ്ഥാപിച്ച് സർവകലാശാലകളുടെ പ്രവൃത്തിഭാരം കുറക്കാൻ കഴിയുമെന്നതാണ്. ഈ വാദത്തിന് ഇന്ന് ഒരു പ്രസക്തിയുമില്ല. കേരളത്തിലെ പ്രീഡിഗ്രി വിദ്യാഭ്യാസം മുഴുവൻ ഒററ സർവകലാശാലയുടെ കീഴിലായിരുന്ന സ്ഥിതിവിശേഷം ഇന്നില്ല. 1968 ൽ കോഴിക്കോട് സർവകലാശാലയും 1982ൽ ഗാന്ധിജി സർവകലാശാലയും നിലവിൽ വന്നതോടെ ഒരു സർവകലാശാലയിൽ പഠിച്ചിരുന്ന വിദ്യാർഥികൾ മൂന്ന് സർവകലാശാലകളിലായിരിക്കുന്നു. സർവകലാശാലകൾക്ക് കൈകാര്യം ചെയ്യേണ്ടിവരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ തൽഫലമായി കുറവുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, 1984 ഏപ്രിലിൽ ഒരു ലക്ഷത്തി നാല്പതിനായിരത്തിലധികം വിദ്യാർഥികൾ കേരള സർവകലാശാലയിൽ പ്രീഡിഗ്രി (രണ്ടാം വർഷ) പരീക്ഷ എഴുതിയെങ്കിൽ, 1985 ഏപ്രിലിലും 1986 ഏപ്രിലിലും ഇത് ഒരു ലക്ഷത്തിപതിനായിരമായി ചുരുങ്ങിയിട്ടുണ്ട്.

ഗാന്ധിജി സർവകലാശാലയിലും പ്രൈവററ് രജിസ്ട്രേഷൻ ആരംഭിക്കുവാൻ ആ സർവകലാശാലയുടെ സെനററ് പാസാക്കിയ ശുപാർശ നടപ്പിലാക്കുകയാണെങ്കിൽ കേരള സർവകലാശാലയിൽ പരീക്ഷക്ക് രജിസ്ററർ ചെയ്യുന്ന വിദ്യാർഥികളുടെ എണ്ണം ഇനിയും ഗണ്യമായി കുറയും. കാരണം, ഗാന്ധിജി സർവകലാശാലാ അതിർത്തിക്കുള്ളിൽ പ്രൈവററ് രജിസ്ട്രേഷൻ പരീക്ഷകൾ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത് കേരള സർവകലാശാല മാത്രമാണ്. തന്നെയുമല്ല റഗുലർ വിദ്യാർഥികളെക്കാൾ കൂടുതൽ പേർ പ്രൈവററ് രജിസ്ട്രഷനിലൂടെ പരീക്ഷയെഴുതുന്നുണ്ട്.

അപ്പോൾ, വിദ്യാർഥികളുടെ എണ്ണപ്പെരുപ്പം മൂലം പരീക്ഷാഭാരം താങ്ങുവാൻ സർവകലാശാലകൾക്ക് കഴിയാതായിരിക്കുന്നു എന്ന അടിസ്ഥാനത്തിൽ പ്രീഡിഗ്രിബോർഡ് രൂപീ

കരണത്തിന് ശ്രമിക്കുന്നത് ന്യായീകരിക്കുവാൻ സാധ്യമല്ല. മാത്രമല്ല, പ്രീഡിഗ്രി ഒന്നും രണ്ടും വർഷപരീക്ഷകൾ നടത്താൻ ഓരോ ഡപ്യൂട്ടി രജിസ്ട്രാർമാരുടെ കീഴിൽ പ്രത്യേക പരീക്ഷാവിഭാഗങ്ങൾ ഇന്ന് സർവകലാശാലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഒരിക്കൽ ഒററ സർവകലാശാലയിലായിരുന്ന വിദ്യാർഥികളെ മൂന്ന് സർവകലാശാലകളിലാക്കി വിഭജിച്ച് പ്രവർത്തനം വികേന്ദ്രികരിച്ചശേഷം വീണ്ടും അവർക്കെല്ലാമുള്ള പരീക്ഷ ഒററ ബോർഡിൻെറ കീഴിലാക്കി കേന്ദ്രീകരിപ്പിക്കുന്നത് അങ്ങേയററം അശാസ്ത്രീയമാണ്.

എന്നാൽ, കേരളത്തിലെ മൂന്ന് സർവകലാശാലക്കും വ്യത്യസ്തമായ രീതിയിൽ പ്രീഡിഗ്രി പരീക്ഷകൾ നടത്തി, വ്യത്യസ്തമായ നിലവാരങ്ങളിൽ വാല്യവേഷൻ നടത്തി വ്യത്യസ്ത ദിവസങ്ങളിൽ ഫലം പ്രസിദ്ധീകരിക്കുന്നതു മൂലമുണ്ടാകുന്ന അസന്തുലിതാവസ്ഥയും തകരാറുകളും ഒഴിവാക്കേണ്ടതല്ലേ? ഇതിനുവേണ്ടിയാണ് ബോർഡ് രൂപീകരിക്കുന്നതെന്നാണ് അടുത്ത വാദം. പ്രത്യക്ഷത്തിൽ ഇത് ശരിയെന്ന് തോന്നിയേക്കാം. എന്നാൽ, മൂന്ന് സർവകലാശാലകളിലെയും പ്രീഡിഗ്രി പരീക്ഷകളുടെ നടത്തിപ്പ് ഏകീകരിക്കാൻ പര്യാപ്തമായ സംവിധാനം സർവകലാശാലാതലത്തിൽ തന്നെ ഏർപ്പെടുത്താവുന്നതേയുള്ളു. ഇപ്പോൾ തന്നെ മൂന്നു സർവകലാശാലകളിലും ഒരേ ദിവസം രണ്ടാംവർഷ പ്രീഡിഗ്രി പരീക്ഷ തുടങ്ങുകയും ഒരേ രീതിയിലുള്ള വാലുവേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

പൊതുവായ പാഠ്യവിഷയ പ്രശ്നം കൂടി സർവകലാശാലാ തലത്തിൽ ചർച്ചചെയ്തു തീരുമാനിക്കാവുന്നതേയുള്ള. ഇതിന് ശ്രമിക്കുന്നതിന് പകരം, കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധമില്ലാത്ത ഒരു അന്യ ബോർഡിനെക്കൊണ്ട് പരീക്ഷ മൊത്തത്തിൽ നടത്തിക്കുവാൻ ശ്രമിക്കുന്നത് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുകയേ ഉള്ളൂ. അതിനുവേണ്ടി ഒരു പുതിയ ബോർഡും അതിൻെറ ഭാരിച്ച ചെലവും ആവശ്യമുണ്ടോ?

പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിൻെറ പ്രശ്നം കൂടിയുള്ളതിനാൽ 3 സർവകലാശാലകളിലും ഒരേദിവസം പരീക്ഷാഫലം പ്രസിദ്ധീകരിക്കേണ്ടതാണെന്ന വാദത്തിനും വലിയ അർത്ഥമൊന്നുമില്ല. കാരണം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രത്യേകമായ എൻട്രൻസ് പരീക്ഷകളിലൂടെയാണല്ലോ ഇപ്പോൾ പ്രവേശനം നടക്കുന്നത്. പിന്നെ, സർവകലാശാലകൾ തമ്മിലുള്ള വ്യത്യാസമൊന്നുമില്ലാതെ യാന്ത്രികമായ 'യൂണിഫോമിററി' പരീക്ഷാഫലം പ്രസിദ്ധീകരണത്തിൻെറകാര്യത്തിൽ ഉണ്ടായിരിക്കണമെന്നാണ് ശാഠ്യമെങ്കിൽ ബി. എ, ബി. എസ്സി, ബികോം പരീക്ഷകളും ക്രമേണ പ്രത്യേകബോർഡിൻെറ കീഴിൽ കൊണ്ടുവരാൻ ഗവൺമെൻറ് ശ്രമിക്കില്ലെന്ന് ആരുകണ്ടു. തികച്ചും അക്കാദമികമെന്ന തോന്നലുണ്ടാക്കുന്ന മറെറാരുവാദംകൂടി പ്രീ ഡിഗ്രി ബോർഡ് രൂപീകരണത്തിന് നിദാനമായി ഉന്നയിച്ചുകാണുന്നു. സർവകലാശാലകളിൽ നിന്നുംപ്രീ ഡിഗ്രി അടർത്തിമാററിക്കഴിഞ്ഞാൽ ഡിഗ്രി-പോസ്ററ് ഗ്രാജേററ്-ഗവേഷണരംഗങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ സർവകലാശാലകൾക്ക് സാധിക്കുമെന്നതിനാൽ, വിദ്യാഭ്യാസപരമായി ഏററവും അനുയോജ്യമായത് +2 സ്കൂളുകളിലാക്കുകയാണ് എന്നതാണീ വാദം. എന്നാൽ നമ്മുടെ ഡിഗ്രി-പോസ്ററ് ഗ്രാജേററ്-ഗവേഷണമണ്ഡലങ്ങൾ ചൈതന്യവത്താക്കുന്നതിന് തടസമായി നിൽക്കുന്ന ഘടകങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ചാൽ മററു പലതുമാണെന്നു കാണാം.

പ്രവേശനത്തിലും നിയമനത്തിലുമടക്കം എല്ലാ കാര്യങ്ങളിലും കൊടികുത്തി വാഴുന്ന അഴിമതി, ഉന്നതവിദ്യാഭ്യാസത്തിൻെറ വ്യാപകമായ വ്യാപാരവൽക്കരണം, ഉന്നതമായ ഗുണനിലവാരം പുലർത്തുന്ന അക്കാദമിക് പ്രവർത്തനങ്ങളോടുള്ള അവഗണന, പുസ്തകങ്ങൾ, ഗവേഷണ പ്രസിദ്ധീകരണങ്ങൾ രാസവസ്തുക്കൾ എന്നീ അവശ്യസാധനങ്ങൾ പോലും വാങ്ങാൻ പണമില്ലാത്ത അവസ്ഥ-ഇങ്ങനെ ഒട്ടേറെ ഘടകങ്ങളുണ്ട്. ശ്രദ്ധമുഴുവൻ പ്രീ ഡിഗ്രിയിലായതുകൊണ്ട് കൂടുതൽ പ്രധാനപ്പെട്ട മററു കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്ന വാദം ഒരുതരം ആത്മവഞ്ചനമാത്രമാണ്.

സ്കൂൾ വിദ്യാഭ്യാസത്തിൻെറ എല്ലാഘട്ടങ്ങളിലും സമഗ്രമായി നടപ്പാക്കുന്ന തൊഴിൽ വിദ്യാഭ്യാസ പദ്ധതിയുടെസ്വാഭാവികമായ സമാ

# പ്രീഡിഗ്രി ബോർഡ്

## മഹാരാഷ്ട്രയിൽ വിതച്ച വിനകൾ

[ബോംബെ യൂണിവേർസിററി സെനററംഗം പ്രൊഫ. ഉണ്ണികൃഷ്ണൻ അയച്ച കത്ത്]

Dear Professor,

I learn from newspaper reports that the Kerala Govt. proposes to separate the Pre-Degree Classes from the University and assign them to an independent Higher Secondary Board. I do not know the gains expected of such a move as also the reactions of the teacher and students community thereto.

Here in Maharashtra the 10+2+3 pattern was intıoduced from 1975and teachers are still suffering injustice from the anomalies created by the change over. I give below some of our experiences which may act as a guide in your negotiations.

1. Almost 50% of the teachers will be rendered surplus at the collegiate level. Although they will be absorbed in the Junior college with protection of existing scale and status, they would be deprived of the benefits that would have accrued to them had they continued at the collegiate level. (such as promotion pay, status, etc.)
2. The campus will be a divided house—Two institutions, Jr college and Sr, College on the same campus. Sr. college teachers will come to lookdown Jr. college teachers as inferior and the latter will try to keep aloof from the Sr. college teachers who are superior. Psychological and emotional separation that we experience here is considerable.
3 This will weaken the teachers' movement; managements/authorities will make use of every opportunity to put one section against the other.
4. Since the junior most teachers will be retrenched, and absorbed in the junior college students will, at least for several years, be deprived of teaching by senior, experienced teachers. This may also force a good number of students at the HSC level to resort to tutorial classes since HSC is a filtering point and admission to higher levels depends upon marks at HSC

HSC is an extension of SSLC; HSC level teachers will have to acquire additional professional qualifications like B. Ed. Here,

---

പനംഘട്ടം എന്ന രീതിയിലായിരുന്നു കോത്താരികമ്മീഷൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തെ വിഭാവനം ചെയ്തത്. എന്നാൽ തൊഴിൽ വിദ്യാഭ്യാസം എന്നത് ഭാവനാശൂന്യരായ വിദ്യാഭ്യാസ ആസൂത്രകരുടെ കൈകളിൽ വെറും 'കാഷ്വൽററി' ആയിരിക്കുകയാണ് ഇന്ത്യയിൽ എന്ന് കേന്ദ്ര ഗവൺമെൻറിൻെറ ഔദ്യോഗികരേഖതന്നെ ഇന്നു സമ്മതിച്ചിരിക്കുന്നു. കേരളത്തിലെ അനുഭവവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. അപ്പോരം കേവലം ഗണിതശാസ്ത്രപരമായ ഒരഭ്യാസം എന്ന രീതിയിൽ മാത്രം 10+2+3 നടപ്പാക്കിയിട്ട് കാര്യമില്ല എന്നാണ് ഔദ്യോഗികരേഖ ചൂണ്ടിക്കാണിക്കുന്നത്. ഈ മുന്നറിയിപ്പ് ഉൾക്കൊള്ളാൻ കേരള സർക്കാർ തയ്യാറാകുന്നില്ല എന്നതാണ് ദുഃഖകരമായ വസ്തുത.

○

teachers appointed even in 1975 are temporary because they do not possess B. Ed.

6. Workload of Jr. college teachers will be more. We have 23/24 periods per week at Jr. college, against 20 at Sr. College. Again, in the Jr. College itself, a section of the teachers who were lecturers in Sr. College earlier, rendered surplus and absorbed in Jr. College, will have 20 periods; paradoxically, tutors/ demonstrators in Sr. College, rendered surplus and absorbed in Jr. College, will have 23/24 on par with those appointed afresh for Jr. college although all of them are designated as 'Teachers' and doing the same type of work.

7. We have here four scales of pay in Jr College as under:

a) 700-1600: Lecturers rendered surplus at degree college and absorbed in Jr. college.

b) 600-1030: Teachers appointed for Jr. College and possessing II Class at Masters and B. Ed. or equivalent qualifications.

c) 500-900: Tutors / demonstrators rendered surplus in Sr. college and absorbed in Jr. college; & Teachers appointed for Jr. college who have II Class at Masters, but do not have professional qualifications like B. Ed,

d) 315-680: Teachers appointed for Jr. college who do not have I Class at Masters in the relevant subject, though they may have any other qualifications including B. Ed.

Those getting the scales of 500-900 and 315-680 are required to improve their qualifications within 5 years of appointment (extended only in the case of those appointed in 1975 or around) otherwise they are liable to be replaced by qualified persons. (Those rendered surplus in Sr. college and absorbed in Jr. college are

## ആരെ കബളിപ്പിക്കാൻ?

വിദ്യാഭ്യാസമന്ത്രിയും, മുഖ്യമന്ത്രിയും പരസ്പരവിരുദ്ധമായി നടത്തുന്ന പ്രസ്താവനകൾ ആരെ കബളിപ്പിക്കാനാണ്?

പ്രീ ഡിഗ്രികോളേജുകളിൽ നിന്നും അടർത്തിമാററി പടിപടിയായി സ്കൂളുകളിലേക്ക് കൊണ്ടുപോകുമെന്നാണ് വിദ്യാഭ്യാസമന്ത്രി പറയുന്നത്. മുഖ്യമന്ത്രിയാകട്ടെ കോളേജുകളിൽത്തന്നെ നിലനിർത്തിക്കൊണ്ട് പ്രത്യേകബോർഡ് രൂപീകരിക്കുമെന്നുപറയുന്നു. യൂണിവേഴ്സിററിയോട് അഫിലിയേററുചെയ്ത കോളേജുകൾക്കേ യൂണിവേഴ്സിററിയുടെ കോഴ്സുകൾ നടത്താനാകൂ. അപ്പോൾ ഡീലിങ്ക് ചെയ്യുമെന്നും യൂണിവേഴ്സിററിയിൽ നിലനിർത്തുമെന്നും പറയുന്നതിലെ പൊള്ളത്തരം വ്യക്തമല്ലേ? അതുപോലെയുള്ള മറെറാരു കള്ളമാണ് അധ്യാപകരുടെ സേവന വേതനവ്യവസ്ഥകൾ നിലനിർത്തുമെന്നത്. വാസ്തവമെന്താണ്? ബോർഡുവന്നു കഴിയുമ്പോൾ അധ്യാപകൻ യൂണിവേഴ്സിററിയുടെ കീഴിലുള്ള അധ്യാപകനല്ലാതാകുന്നു. കാലാകാലം ഉണ്ടാകുന്ന ശമ്പളപരിഷ്കാരങ്ങൾക്കോ മററാനുകൂല്യങ്ങൾക്കോ അർഹതയില്ലാതാകുന്നു. FIP പോലുള്ള സ്കീമുകൾ നഷ്ടപ്പെടുന്നു. യൂണി: ഭരണസമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള അർഹതയും ഇല്ലാതാകുന്നു.

not liable to be replaced). A large number of teachers particularly in Arts and Commerce subjects are temporary and getting the scale at (d) even though they have been working right from 1975, some of them have many years of experience in schools earlier.

8 While there are four scales in the Jr. college, based on qualifications, there is only one scale (700-1600) in the Sr. College, whatever may be the qualifications

9. To meet resistance of teaching community, the government may offer UGC scales of pay to those who may be left at the Sr. College level after seperation. Here the scales were implemented in 1978 with retrospective effect from 1973, of course. Conditions of qulification and work-load attached to the UGC scales created a great sense of insecurity.

a) UGC scale requires high second Class (B+or 55% at all levels) plus M. Phil. or Ph D. of course, teachers in service as on 4th October 1975-this was the date on which the UGC scale was first announced, governementorderwassubsequently revised due to opposition from teachers to some of the conditions, and finally new order was issued on 25-10-1977-teachers appointed after 1975 who do not possess these qualifications are still temporary. Originally they were liable not only to cease to draw increments if the did not improve their qualifications within 5 years but also liable to be replaced by fully qaulified persons. Now in January 1983 the government issued orders that these teachers will cease to draw increments; only those appointed with lower qualifications *after* Jan:'83 are liable to be replaced also.

The uniform qualification requirements is unrealistic inas muchas teachers in subject of social sciences and humanities cannot score high marks as in the subjects of mathematics and physical sciences.

b) UGC canditions required increased work-load. Earlier teachers had 15 lecturs with UGC scales it went up to20 rendering many teachers surplus. Temporary teachers' whatever the number of years of service put in, have no legal protection against retrenchment.

c) Any pay revision includes merger of D. A Earlier we had 3 scales 300-600, 400-800, 700-1100, and Principal had 800-1200. Those who were at the lower side of 300-600 got a benefit of around Rs. 140 p.m. others around Rs. 50/- only Merging all these three scales, one common scale 700-1600 was given to teachers while Principals were given the scale of Rs.1500-2500 (notethedifference between the scale of Principals and seniormost lecturers scale before and after revision). Principals were also given another scale 1200-1900 based on the enrolment of students, not on any other criteria.

These are some of our experiences which may act as a guide and enable you to avoid the pitfalls which may arise later. We ourselves could not foresee many of the problems which came to the fore in the course of the last several years.

Should you need any specifie piece of information regarding our experience in Maharashtra, please feel free to write.

With warm regards,

Yours sincerely,
Sd/-
P. Unnikrishnan

# കണക്കുകൾ സംസാരിക്കട്ടെ

കേരളാ-കോഴിക്കോട്-ഗാന്ധിജി യൂണിവേഴ്സിററികളിൽ 1.12 ലക്ഷം വിദ്യാർത്ഥികൾ പ്രീഡിഗ്രിക്ക് ഒരു വർഷം അഡ്മിഷൻ തേടുന്നു. ഒന്നാംവർഷവും രണ്ടാംവർഷവും കൂടി മൊത്തം 2,24000 വിദ്യാർത്ഥികൾ. ഒരു ബാച്ചിൽ 80 കുട്ടികൾ എന്ന നിലക്ക് രണ്ടു വർഷങ്ങളിലുമായി 2800 ബാച്ചുകൾ ഉണ്ടാകും. ഇതിൽ ഏകദേശം 1600 സയൻസ് ബാച്ചുകളും ബാക്കിയുള്ള 1200 ബാച്ചുകൾ ആർട്സ്, ഹ്യൂമാനിററീസ്, കൊമേഴ്സ് വിഷയങ്ങളുടേതുമായിരിക്കും. ഒരു സയൻസ് ബാച്ചിന് 19 മണിക്കൂർ ലക്ചർ ക്ലാസുകളും ആറുമണിക്കൂർ പ്രാക്ടിക്കൽ ക്ലാസുകളുമാണ്. 20 കുട്ടികൾക്ക് പ്രാക്ടിക്കലിന് ഒരദ്ധ്യാപകനെന്ന കണക്കിന് 80 കുട്ടികളുള്ള ബാച്ചിന്റെ ആറു മണിക്കൂർ പ്രാക്ടിക്കലിന് 24 മനുഷ്യാധ്വാന മണിക്കൂറുകൾ വേണ്ടിവരും. അതായത് ഒരു പ്രീഡിഗ്രി സയൻസ് ബാച്ചിന് ആഴ്ചയിൽ 19+24=43 മനുഷ്യാധ്വാന മണിക്കൂറുകൾ വേണ്ടിവരും. അതായത് ഒരാഴ്ചയിൽ ഒരു സയൻസ് ലക്ചറർ ആഴ്ചയിൽ 15 മണിക്കൂർ ജോലി ചെയ്യണമെന്ന വ്യവസ്ഥയനുസരിച്ച് മൂന്ന് അദ്ധ്യാപകർ ഈ 43 മണിക്കൂറുകൾ ഇപ്പോൾ കൈകാര്യം ചെയ്യുന്നു. ഒരു സയൻസ്ബാച്ച് പോയാൽ മൂന്ന് അദ്ധ്യാപകർ പുറത്താകും. അതായത് 1600 സയൻസ് ബാച്ചുകൾ നഷ്ടപ്പെട്ടാൽ $1600 \times 3 = 4800$ അദ്ധ്യാപകർ പുറത്താകും, ശാസ്ത്രേതരവിഷയങ്ങളിലാകട്ടെ ഒരു പ്രീഡിഗ്രി ബാച്ചിന് 25 മണിക്കൂറും ലക്ചർ തന്നെ. ഒരദ്ധ്യാപകന് ഈ വിഷയങ്ങളിൽ ആഴ്ചയിൽ 14 മണിക്കൂർ ജോലി എന്ന അടിസ്ഥാനത്തിൽ ഒരു ബാച്ച് നഷ്ടപ്പെട്ടാൽ രണ്ടദ്ധ്യാപകർ പുറത്താകും. 1200 ശാസ്ത്രേതരബാച്ചുകൾ ഇല്ലാതായാൽ $1200 \times 2 = 2400$ അദ്ധ്യാപകർ പുറത്താകും. അങ്ങിനെ ഏററവും കുറഞ്ഞത് $4800 + 2400 = 7200$ കോളേജ് അദ്ധ്യാപകർ പ്രീഡിഗ്രി ബോർഡ് നിലവിൽ വന്നാൽ തൊഴിലില്ലാത്തവരാകും. ഇവരെ പ്രൊട്ടക്ഷൻ നൽകി സംരക്ഷിക്കുമെന്നാണോ സർക്കാർ പറയുന്നത്! നട്ടാൽ കിളിർക്കാത്ത നുണ! കാരണം നൈജീരിയയിൽ നിന്നും മടങ്ങിയെത്തിയവർ സർവ്വീസിൽ വീണ്ടും പ്രവേശിച്ചതിനെ തുടർന്ന് നാലും അഞ്ചും വർഷം സർവ്വീസ് പൂർത്തിയാക്കിയ ഇരുപതോളം സർക്കാർ കോളേജദ്ധ്യാപകർ പുറത്തായി. കഴിഞ്ഞ ഒന്നൊന്നര വർഷമായി ഈ നില തുടരുന്നു. എവിടെ പ്രൊട്ടക്ഷൻ? യഥാർത്ഥത്തിൽ, പ്രീഡിഗ്രി ബോർഡ് നിലവിൽ വന്നാൽ പുറത്താവുന്നവരുടെ എണ്ണം മുകളിൽ കാണിച്ചതിലും കൂടുതലായിരിക്കും. കാരണം, പാർട്ട് മൂന്നിന് പല ഐച്ഛിക വിഷയങ്ങളുടെയും ഗ്രൂപ്പുകളുണ്ട്.

ഇതുപോലെയാണ് അനധ്യാപക ജീവനക്കാർക്ക് പ്രീഡിഗ്രി ബോർഡ് നിലവിൽ വന്നാൽ തൊഴിലില്ലാതാകുന്നതിന്റെ സ്ഥിതിയും. വിദ്യാർത്ഥികളുടെ എണ്ണം നോക്കിയാണ് അനദ്ധ്യാപകരുടെ തസ്തികകളുടെ ഘടന നിശ്ചയിക്കുന്നത്. കോളേജിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പ്രീഡിഗ്രിക്കാരാണ്. അവർ പോയാൽ അനദ്ധ്യാപകരുടെ തസ്തികകൾ പകുതിയിലധികം കൊഴിഞ്ഞുപോകും. ഏററവുമധികം ബാധിക്കുന്നത് ലബോറട്ടറി സ്ററാഫിനേയും മിനിസ്ററീരിയൽ സ്ററാഫിനേയുമാണ്.

ഒരു കോളേജധ്യാപകൻ ഒരു മാസം ശരാശരി ആയിരത്തി അഞ്ഞൂറുരൂപ ശമ്പളമായി വാങ്ങുന്നുവെന്ന് കണക്കാക്കിയാൽ 7500-ഓളം പേർക്ക് പ്രൊട്ടക്ഷൻ നൽകാൻ ഒരു വർഷം 13½ കോടിയോളം രൂപാനൽകേണ്ടി വരും ($1500 \times 12 \times 7500 = 13.5$ കോടി) അനദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ഇനത്തിൽ ഏററവും കുറഞ്ഞത് നാലരക്കോടി മതിയാവും എന്നു കണക്കാക്കിയാൽ പോലും മൊത്തം വേണ്ടിവരുന്നത് 18 കോടി. മിച്ചത്തിൻേറയും കമ്മിയുടേയും കോലങ്ങളിലേക്ക് ബഡ്ജററിട്ട് തട്ടിക്കളിക്കുന്ന സർക്കാർ ഈ അധികസാമ്പത്തിക ഭാരം വഹിക്കുമെന്നാണോ പറയുന്നത്?

(സംഘം)

Printed and published by V. Narayanankutty at Chempaka Printers, Tvm-4 Phone: 82127
Chief Editor: V. N. Murali

# Kerala Private College Teacher

Monthly Journal of the All Kerala Private College Teachers' Association

No. 64 R. No. M. 30625/81 Registered KL/TV (N)/35


To

പ്രീഡിഗ്രി ബോർഡിനെതിരേ കോളേജധ്യാപക സംയുക്ത സമരസമിതി നേതാക്കൾ സെക്രട്ടേറിയററ് നടയിൽ നിരാഹാരസത്യാഗ്രഹം ആരംഭിക്കുന്നതിനുമുമ്പു നടന്ന പ്രകടനം.

